**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ - 4487

27.06.2013-ൽ
മറുപടിയ്ക്ക്

ചാത്തന്നൂർ റോഡ്സ് സെക്ഷന്റെ പരിധിയിൽ വരേണ്ട റോഡുകൾ

| ചോദ്യം<br>ശ്രീ. ജി. എസ്. ജയലാൽ | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്തുവകുപ്പ് മന്ത്രി) |
|---|---|
| (എ) കൊല്ലം ജില്ലയിലെ ചാത്തന്നൂർ നിയോജക മണ്ഡലത്തിൽപ്പെട്ട ചാത്തന്നൂർ റോഡ്സ് സെക്ഷന്റെ പരിധിയിൽ വരേണ്ട റോഡുകൾ കിളിമാനൂർ, വർക്കല എന്നീ സെക്ഷനുകളുടെ പരിധിയിലും തിരുവനന്തപുരം റോഡ്സ് ഡിവിഷന്റെ നിയന്ത്രണത്തിലും ഉണ്ടെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഈ റോഡുകളുടെ പുനർനിർമ്മാണത്തിനും അറ്റകുറ്റപ്പണിക്കും ഉണ്ടാകുന്ന കാലതാമസവും സാങ്കേതിക ബുദ്ധിമുട്ടുകളും ഒഴിവാക്കുവാൻ പ്രസ്തുത റോഡുകൾ കൊല്ലം റോഡ്സ് ഡിവിഷന്റെ പരിധിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ? | (ബി) ഒരു നിയോജക മണ്ഡലത്തിൽ റോഡ്സ് വിഭാഗത്തിന്റെ ഒരു സെക്ഷനാഫീസെങ്കിലും വരത്തക്ക രീതിയിലുള്ള പുനഃക്രമീകരണം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ